പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3877.

12.12.2018 ൽ
മറുപടിക്ക്

## ഫോറൻസിക് ലാബുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി. തോമസ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കേരളത്തിൽ എത്ര ഫോറൻസിക് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) കേരളത്തിലാകെ 3 ഫോറൻസിക് സയൻസ് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്.<br>1. സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറി, തിരുവനന്തപുരം.<br>2. റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി, കണ്ണൂർ.<br>3. റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി, തൃശ്ശൂർ. |
| (ബി) 2014-ൽ എറണാകുളത്ത് പണിപൂർത്തിയാക്കിയ ഫോറൻസിക് ലാബിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ ;<br>(സി) ഇത് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; വർഷങ്ങൾ പഴക്കമുള്ള പല കേസുകളും ഫോറൻസിക് ലാബുകളിൽ പരിശോധന തീർപ്പാക്കാതെ കിടക്കുന്നത് കാരണം വിചാരണയ്ക്ക് കാലതാമസം വരുന്നതും പല കേസ്സുകളിലും അട്ടിമറി നടക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) യും (സി) യും 14.10.2014 ലെ G.O.(Ms) No. 202/2014/Home നമ്പർ ഉത്തരവ് പ്രകാരം കൊച്ചിയിൽ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകുക മാത്രമാണുണ്ടായത്. ലാബിലേയ്ക്കാവശ്യമായ ഉപകരണങ്ങളും മറ്റും ലഭ്യമാക്കി ലാബ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.<br>വർഷങ്ങൾ പഴക്കമുള്ള പല കേസുകളും ഫോറൻസിക് ലാബുകളിൽ കിടക്കുന്നതു കാരണം വിചാരണയ്ക്ക് കാലതാമസം വരുന്നതായും പല കേസുകളിലും അട്ടിമറി നടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ബയോളജി, ന്യൂറോളജി, കെമിസ്ട്രി, ഫിസിക്സ്, സൈബർ, ഡി.എൻ.എ., ഡോക്യുമെന്റേഷൻ, എക്സ്പ്ലോഷൻ തുടങ്ങി വിവിധ ഡിവിഷനുകളിൽ ഓരോന്നിലും എത്ര കേസ് വീതം കെട്ടിക്കിടക്കുന്നുണ്ടെന്ന് വിശദമാക്കുമോ; ഇതിൽ ഒരു വർഷത്തിലേറെ പഴക്കമുള്ള കേസ്സുകൾ എത്രയെന്ന് വിശദമാക്കുമോ; | (ഡി) ഫോറൻസിക് സയൻസ് ലബോറട്ടറി യൂണിറ്റിലെ വിവിധ ഡിവിഷനുകളിൽ പരിശോധനാ ഫലം നൽകാനുള്ള കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഫോറൻസിക് സയൻസ് ലബോറട്ടറി യൂണിറ്റിൽ 'ന്യൂറോളജി' ഡിവിഷൻ നിലവിലില്ല. |

| ഡിവിഷനുകൾ | പരിശോധനയ്ക്കായി കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം | ഒരു വർഷത്തിലേറെ പഴക്കമുള്ള കേസുകളുടെ എണ്ണം |
|---|---|---|
| ബയോളജി | 2578 | 1506 |
| സിറോളജി | 1114 | 687 |
| കെമിസ്ട്രി | 2704 | 1760 |
| ഫിസിക്സ് | 299 | 167 |
| സൈബർ | 1484 | 915 |
| ഡി.എൻ.എ | 692 | 351 |
| ഡോക്യുമെന്റ്സ് | 434 | 162 |
| ഡോക്യുമെന്റ്സ് സിവിൽ | 40 | 0 |
| എക്സ്പ്ലോസീവ്സ് | 155 | 0 |
| പോളീഗ്രാഫ് | 48 | 15 |
| ബാലിസ്റ്റിക് | 68 | 22 |
| **ആകെ** | **9616** | **5585** |

(ഇ) പ്രവർത്തനം തുടങ്ങേണ്ട പ്രസ്തുത ലാബിലേയ്ക്ക് എത്ര ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത് എന്ന് തസ്തിക തിരിച്ച് വിശദമാക്കുമോ; ഇവർ ഓരോരുത്തരും ഇപ്പോൾ എവിടെയാണ് ജോലി നോക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) 19.05.2017 ലെ സ.ഉ.(കൈ)നം. 102/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം കൊച്ചി റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലേയ്ക്ക് 11 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ അസിസ്റ്റന്റ് ഡയറക്ടർ (ഫിസിക്സ്), അസിസ്റ്റന്റ് ഡയറക്ടർ (ബയോളജി) എന്നീ തസ്തികകളിലേയ്ക്ക് നിയമനം നടത്തി തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറിയിലേയ്ക്ക് അറ്റാച്ച് ചെയ്ത് കൊച്ചിയിലെ കേസുകൾ കൈകാര്യം ചെയ്തിരുന്നുവെങ്കിലും കൊച്ചി ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾക്കായി, ഫോറൻസിക് ഡയറക്ടറുടെ 01.12.2018 ലെ ഉത്തരവു പ്രകാരം ഇവരെ കൊച്ചി റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. കൂടാതെ, കൊച്ചി റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിലേയ്ക്ക് പി.എസ്.സി മുഖാന്തിരം ഒരു എൽ.ഡി ക്ലാർക്കിനെയും ഒരു എൽ.ഡി ടൈപ്പിസ്റ്റിനെയും നിയമിച്ച് തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ വിഷയപരിജ്ഞാന പരിശീലനം നൽകി വരുന്നു.

(എഫ്) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഓരോ വർഷവും ഫോറൻസിക് പരിശോധന നടത്തേണ്ട എത്ര കേസ്സുകളാണ് ക്രൈംബ്രാഞ്ച് മുഖേന ഫോറൻസിക് ലാബിൽ എത്തിയതെന്ന് വ്യക്തമാക്കുമോ?

(എഫ്) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഓരോ വർഷവും ഫോറൻസിക് പരിശോധന നടത്തുന്നതിലേയ്ക്കായി ക്രൈം ബ്രാഞ്ച് മുഖേന ഫോറൻസിക് സയൻസ് ലബോറട്ടറി യൂണിറ്റിൽ ലഭിച്ച കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | കേസുകളുടെ എണ്ണം |
|---|---|
| 2013 | 136 |
| 2014 | 116 |
| 2015 | 138 |
| 2016 | 165 |
| 2017 | 112 |

സെക്ഷൻ ഓഫീസർ